ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ : **0471 2518637**
തീയതി : **07/09/2023**

## ക്വട്ടേഷൻ ക്ഷണിക്കുന്നു

കേരളീയം 2023 പരിപാടിയുടെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ 2023 സെപ്റ്റംബർ 18 മുതൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ ആരംഭിക്കുന്ന മീഡിയ സെന്ററിൽ 25 ഉദ്യോഗസ്ഥർക്ക് ഒരേ സമയം ജോലി ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കുന്നതിന് ആവശ്യമായ എണ്ണം ടേബിളുകൾ, കസേരകൾ എന്നിവ വാടകയ്ക്കു ലഭ്യമാക്കുന്നതിനും അവ മീഡിയ സെന്ററിനായി സജ്ജമാക്കി നൽകുന്നതിനും ഈ രംഗത്തു പ്രവർത്തിക്കുന്ന വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. 2023 സെപ്റ്റംബർ 18 മുതൽ നവംബർ 07 വരെ ഇവ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷനാണു സമർപ്പിക്കേണ്ടത്.

മുദ്രവച്ച ക്വട്ടേഷനുകൾ **2023 സെപ്റ്റംബർ 15ന് ഉച്ചയ്ക്ക് 12:00നു** മുൻപായി ഡെപ്യൂട്ടി ഡയറക്ടർ(മീഡിയ റിലേഷൻസ്), ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കണം. ക്വട്ടേഷനുകൾ **2023 സെപ്റ്റംബർ 15ന് ഉച്ചകഴിഞ്ഞു മൂന്നിനു** ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഡെപ്യൂട്ടി ഡയറക്ടർ(മീഡിയ റിലേഷൻസ്)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

പകർപ്പ്
1) ഐപിആർഡി വെബ്സൈറ്റ്
2) നോട്ടിസ് ബോർഡ്
3) ഓഫിസ് കോപ്പി